ഉത്തരം

എ),(ബി)&(സി) അയിരൂർ പഞ്ചായത്തിൽ പുതിയ മാവേലിസ്റ്റോർ തടങ്ങുവാൻ അനുയോജ്യമായ കെട്ടിടം സംബന്ധിച്ച ഓഫർ ലഭിച്ചിട്ടുണ്ട്. അനന്തര നടപടി ഉടൻ തന്നെ സ്വീകരിക്കുന്നതാണ്.

122 (1482) കായംകുളത്തെ മാവേലി മെഡിക്കൽ സ്റ്റോർ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് മൂന്നുമാസം മുൻപ് ഉദ്ഘാടനം ചെയ്ത മാവേലി മെഡിക്കൽ സ്റ്റോർ വിജയകരമായി പ്രവർത്തിക്കുന്നുണ്ടോ;

(ബി)ഇവിടത്തെ ഇന്നുവരെയുള്ള വിറ്റുവരവുകളെപ്പറ്റി വിശദീകരിക്കുമോ:

(സി) ഇവിടെ എത്ര ജീവനക്കാരുണ്ട്; അവരുടെ നിയമനരീതി വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ ഇപ്പോൾ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ എത്ര മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 6.3.99-ൽ പ്രവർത്തനം ആരംഭിച്ച ടി മെഡിക്കൽ സ്റ്റോറിൽ 31.5.99- വരെ 4.66 ലക്ഷം രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്.

(സി) മൂന്ന് ജീവനക്കാർ.

1. ഷോപ്പ് മാനേജർ - സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്.

2. ഫാർമസിസ്റ്റ് - പത്രങ്ങളിൽ പരസ്യം ചെയ്തു ലഭിച്ച അപേക്ഷകരെ എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നു.

(ഡി) 8 മാവേലി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

123 (1483) കുളമ്പുരോഗം തടയാൻ നടപടി

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിൽ കുളമ്പുരോഗം പിടിപെട്ട സ്ഥലങ്ങളിൽ എന്തെല്ലാം പ്രതിരോധ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കുളമ്പുരോഗംമൂലം കന്നുകാലികൾ മരണമടഞ്ഞ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; എത്ര തുക;

(സി) ഇപ്പോഴുള്ള കാലിരോഗവിമുക്ത മേഖലാ പദ്ധതി ആഫീസുകൾ നിലവിലുള്ള സ്ഥലങ്ങളിൽത്തന്നെ നിലനിർത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വെറ്ററിനറി ഡോക്ടർമാരും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും ഉൾപ്പെടുന്ന സ്കോഡുകൾ രോഗബാധിത പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനം നടത്തി. സൗജന്യമായി കുത്തിവയ്പ്പ് നടത്തുകയും മരുന്ന് വിതരണം ചെയ്യുകയും ചെയ്തു. സംസ്ഥാനാതിർത്തികളിലൂടെയുള്ള കന്നുകാലികളുടെ വരവ്പോക്ക് കർശനമായി നിരോധിച്ചു. കാലിപ്രദർശനങ്ങൾ നിരോധിക്കുകയും ചന്തകളിൽ ഉരുക്കൾക്ക് നിയന്ത്രണമേർപ്പെടുത്തുകയും ചെയ്തു. രോഗബാധയേറ്റ ഉരുക്കളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും ദേശീയ ക്ഷീരവികസന ബോർഡിലെ ലബോറട്ടറികളിലും അയച്ച് രോഗകാരിയായ വൈറസ്സിനെ നിർണ്ണയിച്ചു.

(ബി) ഉണ്ട്. 319 പേർക്കായി ആകെ 5,21,550 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) കാലിരോഗ വിമുക്തമേഖലാ പദ്ധതിയിലൂടെ വിഭാവനം ചെയ്യപ്പെട്ട കുത്തിവയ്പ്പു പരിപാടി പൂർത്തിയാക്കുംവരെ ഇതിന്റെ ഓഫീസുകൾ നിലനിർത്തുന്നതാണ്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതി പൂർത്തിയായിട്ടുള്ളതിനാൽ നെടുമങ്ങാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഓഫീസ് തുടരുവാൻ കേന്ദ്രാനുമതി ഇല്ല.

124 (1484) കുളമ്പുരോഗം തടയാൻ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിലെ കുളമ്പുരോഗത്തിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കുളമ്പുരോഗം ബാധിച്ച് കന്നുകാലികൾ മരണപ്പെടുന്നത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ രോഗം വ്യാപകമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കുളമ്പുരോഗം ബാധിച്ച് സംസ്ഥാനത്ത് കഴിഞ്ഞവർഷം എത്ര കന്നുകാലികൾ മരിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ആശ്വാസം നൽകുന്നതിന് സർക്കാർ എന്തെങ്കിലും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഇ) ഇതനുസരിച്ച് കഴിഞ്ഞവർഷം എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(എഫ്) ഈ ഇനത്തിൽ കഴിഞ്ഞവർഷം എന്ത് തുക നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly